"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ഉന്നതവിദ്യാഭ്യാസവകുപ്പ് - സി-ആപ്റ്റ് നടത്തി വരുന്ന കെ.ജി.റ്റി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ് വർക്ക്, കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ് എന്നീ കോഴ്സുകൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

## ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(സാധാ)നം.2277/2018/ഉ.വി.വ. തിരുവനന്തപുരം തീയതി, 19-12-2018

==========================================================

പരാമർശം :
1. ജി.ഒ. (ആർ.റ്റി) നം. 2368/2017/ഉ.വി.വ തീയതി 30-12-2017
2. സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുടെ 21-04-2018 -ലെ C-apt/413/2017/TRG നമ്പർ കത്ത്.
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 18-09-2018, 17-11-2018 എന്നീ തീയതികളിലെ സി3/20450/18/ഡി.ടി.ഇ നമ്പർ കത്തുകൾ.

## ഉത്തരവ്

സി-ആപ്റ്റ് നിലവിൽ നടത്തി വരുന്ന കെ.ജി.റ്റി.ഇ, പ്രീ-പ്രസ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ് വർക്ക്, കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ എന്നീ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം നൽകുകയും പ്രസ്തുത കോഴ്സുകൾ നടത്തുന്ന അംഗീകൃത സ്ഥാപനമായി സി-ആപ്റ്റിനെ പ്രഖ്യാപിക്കുകയും ചെയ്താൽ മാത്രമേ ഈ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുകയുള്ളൂവെന്നും ആയതിനാൽ പ്രസ്തുത കോഴ്സുകൾക്ക് അംഗീകാരം നൽകണമെന്നും, ആയത് നടത്തുന്ന അംഗീകൃത സ്ഥാപനമായി സി-ആപ്റ്റിന് അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. ഈ കോഴ്സുകൾക്ക് പരാമർശം 1-ലെ ഉത്തരവിൻ പ്രകാരം ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സി-ആപ്റ്റ് നിലവിൽ നടത്തി വരുന്ന മേൽ സൂചിപ്പിച്ച കോഴ്സുകൾക്ക് അംഗീകാരം നൽകാവുന്നതാണെന്ന് പരാമർശം 3 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

(മറുപുറം കാണുക)

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന ഫീസ് ഘടനയ്ക്ക് വിധേയമായി, സി-ആപ്റ്റിൽ നിലവിൽ നടത്തി വരുന്ന *കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളായ കെ.ജി.റ്റി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ് വർക്ക്, കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്* എന്നീ കോഴ്സുകൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**തരുൺലാൽ. എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ് :

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/(എ& ഇ), കേരള, തിരുവനന്തപുരം
4. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
5. ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ് (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ